# 40

# “പുളിച്ച മാവ് സൂക്ഷിക്കുക”

# (16:5-12)

ഗലീലാ കടൽ കടന്ന്, ബെത്ത്സയിദയിലെത്തിയ ശേഷം, യേശു വീണ്ടും ശിഷ്യന്മാരെ ഉപദേശിപ്പാൻ തുടങ്ങി.

**യേശുവിന്റെ മുന്നറിയിപ്പ് (16:5, 6)**

**5 ശിഷ്യന്മാർ അക്കരെ പോകുമ്പോൾ, അപ്പം എടുപ്പാൻ മറന്നുപോയി.**
**6 എന്നാൽ യേശു അവരോട്, “നോക്കുവിൻ, പരീശന്മാരുടേയും സദൂക്യരുടേയും പുളിച്ച മാവ് സൂക്ഷിച്ചുകൊൾവിൻ” എന്നു പറഞ്ഞു.**

**വാക്യം 5.** യേശു അടയാളങ്ങളെ കുറിച്ച് പരീശന്മാരോടും സദൂക്യരോടും ചർച്ച ചെയ്ത ശേഷം, **ശിഷ്യന്മാർ** കർത്താവിനോടുകൂടെ മഗ്ദല പ്രദേശത്തുനിന്നു (15:39) **കടലിന്റെ മറുകരക്ക്** പോയി. അവർ ബെത്ത്സയിദയിൽ എത്തി (മർ. 8:22). **അവർ അപ്പം എടുക്കുവാൻ മറന്നുപോയിരുന്നു,** ഒരു അപ്പം മാത്രമെ അവരുടെ പക്കൽ ഉണ്ടായിരുന്നുള്ളു (മർ. 8:14). ശിഷ്യന്മാർ സാധാരണ യാത്രക്ക് പോകുമ്പോൾ അപ്പം കരുതിയിരുന്നു എന്നാണ് ആ ഭാഷ സൂചിപ്പിക്കുന്നത് (10:9, 10 ന്റെ പരാമർശം നോക്കുക).

**വാക്യം 6.** യേശു ശിഷ്യന്മാരോട് പറഞ്ഞു, **“എന്നാൽ പരീശന്മാരുടേയും സദൂക്യരുടേയും പുളിച്ച വീഞ്ഞ് സൂക്ഷിച്ചുകൊൾവിൻ.”** മുൻപ് മത്തായിയിൽ, “പുളിച്ച മാവിനെ” കുറിച്ചുള്ള ഒരു ഉപമ കർത്താവ് പറഞ്ഞിരുന്നു (13:33 ന്റെ പരാമർശം നോക്കുക). തിന്മയുടെ സ്വാധീനത്തെയാണ് പലപ്പോഴും പുളിച്ച മാവിനെ ആലങ്കാരികമായി ഉപയോഗിച്ചിട്ടുള്ളത് (1 കൊ. 5:6-8; ഗലാ. 5:7-9). പരീശന്മാരെയും സദൂക്യരെയും ഗലീലയിൽ വിട്ടിട്ടാണ് വന്നതെങ്കിലും, യേശു അപ്പോഴും അവർക്ക് യെഹൂദന്മാരിൽ ഉണ്ടായിരുന്ന നിഷേധ സ്വാധീനത്തെ കുറിച്ചായിരുന്നു ചിന്തിച്ചിരുന്നത് എന്നു വ്യക്തം. ആ സംഘത്തിലെ അംഗങ്ങൾ ദൈവത്തിലായിരുന്നില്ല, തങ്ങളിൽ തന്നെയായിരുന്നു ആശ്രയിച്ചിരുന്നത്. അവർ യേശുവിനെയും അവന്റെ അത്ഭുതങ്ങളെയും തള്ളിക്കളഞ്ഞിരുന്നു. തൽഫലമായി, അവൻ ആളുകൾക്ക് ഇടർച്ചയായിരുന്നു.

വാക്യം 12-ൽ “പുളിച്ച മാവ്” നിർവ്വചിച്ചിരിക്കുന്നത് പരീശന്മാരുടേയും സദൂക്യരുടേയും “ഉപദേശം” ആയിരുന്നു. ലൂക്കൊസിൽ “പുളിച്ച മാവ്” ഉപയോഗിച്ചിരിക്കുന്നത് “കാപട്യവുമായ” ബന്ധത്തിലാണ് (ലൂക്കൊ. 12:1). യെഹൂദ മതാദ്ധ്യക്ഷന്മാരുടെ കാപട്യത്തെ യേശു വിശദമായി മറ്റു വേദഭാഗങ്ങളിൽ പറയുന്നുണ്ട്. മലപ്രസംഗത്തിൽ, യേശു പറഞ്ഞു, “ശാസ്ത്രിമാരും പരീശന്മാരും” (മത്താ. 5:20) “കപടഭക്തിക്കാരാണ്” കാരണം അവർ ഭിക്ഷ കൊടുക്കുന്നതും, പ്രാർത്ഥിക്കുന്നതും മനുഷ്യരെ കാണിക്കേണ്ടതിനായിരുന്നു ചെയ്തത് (6:1-18). മർക്കൊസ് 12:38-40-ൽ അവൻ പറഞ്ഞു,

അവൻ തന്റെ ഉപദേശത്തിൽ അവരോട്, അങ്കികളോടുകൂടെ നടക്കുന്നതും, അങ്ങാടിയിൽ വന്ദനവും, പള്ളിയിൽ മുഖ്യാസനവും, അത്താഴത്തിൽ പ്രധാന സ്ഥലവും ഇച്ഛിക്കുന്ന ശാസ്ത്രിമാരെ സൂക്ഷിച്ചു കൊൾവിൻ. അവർ വിധവമാരുടെ വീടുകൾ വിഴുങ്ങുകയും, ഉപായത്താൽ നീണ്ട പ്രാർത്ഥന കഴിക്കയും ചെയ്യുന്നു. അവർക്ക് ഏറ്റവും വലിയ ശിക്ഷാവിധി വരും എന്നു പറഞ്ഞു.

മത്തായി 23:1-7 വരെയുള്ള യേശുവിന്റെ പ്രസ്താവനയിൽ ശാസ്ത്രിമാരെയും പരീശന്മാരെയും പ്രത്യേകമായി കുറ്റപ്പെടുത്തിയാണ് സംസാരിക്കുന്നത്. അദ്ധ്യായം 23 ന്റെ ശേഷം ഭാഗത്ത്, അവൻ അവരുടെ കാപട്യത്തെ തുറന്നു കാണിക്കുകയാണ് (23:13-15, 23, 25, 27, 29).

## ശിഷ്യന്മാരുടെ തെറ്റിദ്ധാരണ (16:7-10)

**7“അപ്പം കൊണ്ടുപോരായ്കയാൽ ആയിരിക്കും” എന്ന് അവർ തമ്മിൽ തമ്മിൽ പറഞ്ഞു. 8അതു അറിഞ്ഞിട്ടു യേശു പറഞ്ഞത് “അൽപവിശ്വാസികളേ, അപ്പം കൊണ്ടുവരായ്കയാൽ തമ്മിൽ തമ്മിൽ പറയുന്നത് എന്ത്? 9ഇപ്പോഴും നിങ്ങൾ തിരിച്ചറിയുന്നില്ലയോ? അയ്യായിരം പേർക്ക് അഞ്ച് അപ്പം കൊടുത്തിട്ട് എത്ര കുട്ട എടുത്തു എന്നും 10നാലായിരം പേർക്ക് ഏഴ് അപ്പം കൊടുത്തിട്ട് എത്ര വട്ടി എടുത്തു എന്നും ഓർക്കുന്നില്ലയോ?”**

**വാക്യം 7.** യേശുവിന്റെ മുന്നറിയിപ്പിനെ ശിഷ്യന്മാർ തെറ്റിദ്ധരിച്ചു; അവർ **അപ്പം കൊണ്ടുവരായ്കയാലാ** [യിരിക്കാം] യേശു മുന്നറിയിച്ചതെന്നാണ് ശിഷ്യന്മാർ കരുതിയത്. എന്നാൽ ശിഷ്യന്മാർക്ക് വളരെ പ്രധാനപ്പെട്ട പാഠങ്ങൾ ബോധ്യപ്പെടുത്തുവാനുണ്ടായിരുന്നു, അവരുടെ മനസിലാക്കലിനെ തടസപ്പെടുത്തിയത് അവരുടെ ഭൗതികമായ ചിന്തകളായിരുന്നു.

**വാക്യങ്ങൾ 8-10.** അവരുടെ തെറ്റിദ്ധാരണ നിമിത്തമായിരുന്നു യേശു അവരെ അൽപവിശ്വാസികളേ എന്നു വിളിച്ചു ശാസിച്ചത്. “അൽപ വിശ്വാസികളേ” എന്നു യേശു പലപ്പോഴും തന്റെ ശിഷ്യന്മാരെ ശാസിച്ചിരുന്നു (6:30; 8:26; 14:31). “അൽപ വിശ്വാസം” എന്നത് ആഗ്രഹിക്കത്തക്കതല്ലെങ്കിലും, അത് വലിയ വിശ്വാസത്തിലേക്ക് നയിക്കാവുന്നതാണ്, അത് “വിശ്വാസം ഇല്ലാത്തതിനേക്കാളും,” അല്ലെങ്കിൽ “ചത്ത വിശ്വാസത്തേക്കാളും” നല്ലതാണ് (യാക്കൊ. 2:26).

യേശുവിന്റെ ചോദ്യങ്ങൾ സൂചിപ്പിക്കുന്നതായിരുന്നു അവന്റെ ശാസന: “**നിങ്ങൾ തിരിച്ചറിയുന്നില്ലയോ അല്ലെങ്കിൽ നിങ്ങൾ ഓർക്കുന്നില്ലയോ** ...?” ആ ചോദ്യങ്ങൾ മർക്കൊസ് 8:17, 18-ൽ വിശദീകരിച്ചിരിക്കുന്നു: “ഇപ്പോഴും തിരിച്ചറിയുന്നില്ലയോ? ഗ്രഹിക്കുന്നില്ലയോ? നിങ്ങളുടെ ഹൃദയം കടുത്തിരിക്കുന്നുവോ? കണ്ണുണ്ടായിട്ടും കാണുന്നില്ലയോ? ചെവിയുണ്ടായിട്ടും കേൾക്കുന്നില്ലയോ? ഓർക്കുന്നതുമില്ലയോ?”

താൻ ചെയ്ത രണ്ട് അത്ഭുതങ്ങളെയായിരുന്നു യേശു അവരെ ഓർപ്പിച്ചത്: **അയ്യായിരം** പേരെ പോഷിപ്പിച്ചതായിരുന്നു ഒന്ന് (14:15-21), മറ്റൊന്ന്, **നാലായിരം** പേരെ പോഷിപ്പിച്ചതായിരുന്നു (15:32-39). ആ അത്ഭുതങ്ങൾ, പുരുഷാരത്തിന്റെ എണ്ണത്തിൽ മാത്രമായിരുന്നില്ല, **അപ്പത്തിന്റെ** എണ്ണത്തിലും വ്യത്യാ

സങ്ങൾ വ്യക്തമായിരുന്നു (**അഞ്ചും ഏഴുമാ**യിരുന്നു), മാത്രമല്ല ശേഷിച്ച് എടുത്തത് പന്ത്രണ്ടു **കുട്ടകളും** (*കോഫിനോസ്*) ഏഴ് **വലിയ കുട്ടകളും** (*സ്പു രിസ്*) ആയിരുന്നു.

യേശു അവരെ അത്ഭുതങ്ങൾ ഓർപ്പിച്ചു; എന്നാൽ ഭൗതികമായ അപ്പത്തിന്റെ മാത്രം കുറവായിരുന്നു എങ്കിൽ, പടകിലുണ്ടായിരുന്ന ഒരപ്പത്തെ അവനു വർദ്ധിപ്പിച്ചു കൊടുക്കുവാൻ കഴിയുമായിരുന്നു, അല്ലെങ്കിൽ അവനു സ്വയമായി ഉണ്ടാക്കി കൊടുക്കുവാൻ കഴിയുമായിരുന്നു എന്ന് അവരെ ബോധ്യമാക്കുക എന്നതും അവന്റെ ലക്ഷ്യമായിരുന്നു (മർ. 8:14). ചർച്ചയിൽ, യേശു തന്റെ ശിഷ്യന്മാരെ ഏറ്റവും മുഖ്യമായ പാഠത്തിലേക്ക് നയിക്കുകയായിരുന്നു. അവർ ഭൗതികമായ ആവശ്യങ്ങളെ കുറിച്ച് വിചാരപ്പെട്ടിരുന്നു, എന്നാൽ അതിന് ദൈവത്തിൽ ആശ്രയിക്കുവാനായിരുന്നു അവൻ കൽപിച്ചത്. വാസ്തവത്തിലുള്ള കാര്യങ്ങളിൽനിന്നു അവരുടെ ശ്രദ്ധ പോയിരുന്നു, വാസ്തവത്തിലുള്ള ഉപദേശം ദൈവത്തിൽനിന്നാണ് വരുന്നത് (6:33 നോക്കുക).[1]

## യേശുവിന്റെ മുന്നറിയിപ്പ് ആവർത്തിച്ചു
## (16:11, 12)

**11പരീശന്മാരുടേയും സദൂക്യരുടേയും പുളിച്ച മാവ് സൂക്ഷിച്ചുകൊള്ളേണം എന്നു പറഞ്ഞത് അപ്പത്തെ കുറിച്ചല്ല എന്നു തിരിച്ചറിയാത്തത് എന്ത്? 12അങ്ങനെ അപ്പത്തിന്റെ പുളിച്ച മാവല്ല, പരീശന്മാരുടേയും സദൂക്യരുടേയും ഉപദേശമത്രേ സൂക്ഷിച്ചുകൊൾവാൻ അവൻ പറഞ്ഞു എന്നു അവർ ഗ്രഹിച്ചു.**

**വാക്യങ്ങൾ 11, 12.** അവൻ പിന്നെ ചോദിച്ചു, "**അപ്പത്തെ കുറിച്ചല്ല ഞാൻ നിങ്ങളോട് പറഞ്ഞത് എന്ന് ഗ്രഹിക്കാത്തത് എന്ത്?**" തന്റെ സന്ദേശം ശിഷ്യന്മാർക്ക് ഉറപ്പിച്ചുകൊടുപ്പാൻ യേശു **പരീശന്മാരുടേയും സദൂക്യരുടേയും പൂളിച്ച മാവ്** എന്ന തന്റെ മുന്നറിയിപ്പ് ആവർത്തിച്ചു. ഇപ്പോൾ, അവർക്ക് അവൻ പറഞ്ഞത് ആ വിഭാഗങ്ങളുടെ ഉപദേശത്ത കുറിച്ചായിരുന്നു എന്നു മനസിലായി (16:1, 6 ന്റെ പരാമർശങ്ങൾ നോക്കുക). ഒരിക്കലും നീതി ലഭിക്കുവാൻ സാധ്യതയില്ലാത്തവയാണ് സദൂക്യരുടെ രാഷ്ട്രീയ തന്ത്രവും പരീശന്മാരുടെ നിയമാവലികളും.[2] സദൂക്യർക്ക് പകരം മർക്കൊസിന്റെ സമാന്തരവിവരണത്തിൽ ഹെരോദ്യർ എന്നാണ് പറഞ്ഞിരിക്കുന്നത് (മർ. 8:15). ആ അടയാളം-അന്വേഷിക്കുന്നവൻ സദൂക്യർ ചെയ്തതുപോലെ, ക്രിസ്തുവിനെ തള്ളി കളഞ്ഞിരുന്നു (ലൂക്കൊ. 23:8–12).

---

കുറിപ്പുകൾ

[1]ഡൊണാൾഡ് ആർ.ഏ. ഹാഗ്നെർ, *മാത്യു 14–28*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 460. [2]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 159.